**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5633** **03-11-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ പ്രസ്തുത ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്ന പൊതു ആവശ്യ ഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചുമത്താവുന്ന നികുതികളും ഫീസുകളും പിഴ തുകകളും ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് വക ആസ്തികളിൽ (ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബസ് സ്ററാന്റ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ) നിന്നുള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. നികുതി-നികുതിയേതര വരുമാനങ്ങളിൽ കാലാകാലങ്ങളിൽ ആനുപാതിക വർദ്ധനവ് ഉണ്ടാകുന്നത് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിക്കുന്നതിന് സഹായകരമാകുന്നതാണ്. വരുമാനം കുറവായ ഗ്രാമ പഞ്ചായത്തുകൾ ലഭ്യമായ വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിയും പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തിയും കൂടുതൽ വിഭവ സമാഹരണം നടത്താവുന്നതാണ്. കൂടാതെ അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. |
| (ബി) | തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്ന പൊതു ആവശ്യ ഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് ചുമത്താവുന്ന നികുതികളും ഫീസുകളും പിഴ തുകകളും ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | വക ആസ്തികളിൽ (ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബസ് സ്ററാന്റ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ) നിന്നുള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. നികുതി-നികുതിയേതര വരുമാനങ്ങളിൽ കാലാകാലങ്ങളിൽ ആനുപാതിക വർദ്ധനവ് ഉണ്ടാകുന്നത് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിക്കുന്നതിന് സഹായകരമാകുന്നതാണ്. വരുമാനം കുറവായ ഗ്രാമ പഞ്ചായത്തുകൾ ലഭ്യമായ വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിയും പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തിയും കൂടുതൽ വിഭവ സമാഹരണം നടത്താവുന്നതാണ്. കൂടാതെ അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ